പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2488 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ പണം തിരികെ നൽകുവാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ ബാങ്കുകളിലെ അഴിമതികൾ സംബന്ധിച്ച് ഏതൊക്കെ ഏജൻസികളാണ് അന്വേഷണം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

മറുപടി:

സഹകരണ ബാങ്കുകളിലെ അഴിമതികൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ചുവടെ ചേർക്കുന്ന സംവിധാനങ്ങൾ നിലവിലുണ്ട്.

1. സഹകരണ വിജിലൻസ്

സഹകരണ വകുപ്പിൽ വിജിലൻസ് ആഫീസറായി നിലവിൽ സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിലുള്ള ഉദ്യോഗസ്ഥനെ (വകുപ്പ് 68(A) പ്രകാരം) നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമായി സഹകരണ വിജിലൻസ് കാര്യാലയവും ഡിവൈ.എസ്.പി മാരുടെ നിയന്ത്രണത്തിൽ ആലപ്പുഴ ആസ്ഥാനമായി ദക്ഷിണ മേഖലാ കാര്യാലയവും തൃശ്ശൂർ ആസ്ഥാനമായി മധ്യമേഖലാ കാര്യാലയവും കണ്ണൂർ ആസ്ഥാനമായി ഉത്തരമേഖലാ കാര്യാലയവും 3 മേഖലയായി പ്രവർത്തിച്ചു വരുന്നു. സഹകരണ സംഘങ്ങളിലെ ഗുരുതരമായ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികൾ സഹകരണ വിജിലൻസ് മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. സഹകരണ വിജിലന്സിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ആഫീസുകൾക്കും പുതിയ വാഹനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

2. ഇൻസ്പെക്ഷൻ സെൽ

സഹകരണ സംഘങ്ങളെ സംബന്ധിച്ച് ലഭിക്കുന്ന പൊതുവായ പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ രണ്ടു ഡെപ്യൂട്ടി രജിസ്ട്രാർമാരുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ സെൽ പ്രവർത്തിക്കുന്നു.

3. ആഭ്യന്തര വിജിലൻസ് സെൽ മുഖേന

സഹകരണ വകുപ്പ് ഉദ്യാഗസ്ഥർക്കെതിരായ പരാതികളിന്മേൽ അന്വേഷണം നടത്തി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനായി ഇന്റേണൽ വിജിലൻസ് ആഫീസറായി അഡിഷണൽ രജിസ്ട്രാർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥന്റെ കീഴിൽ ഒരു ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) 2 ഇൻസ്പെക്ടർമാരും പ്രവർത്തിച്ചു വരുന്നു.

4. ജോയിന്റ് രജിസ്ട്രാർമാർ മുഖേനയുള്ള പരിശോധനകൾ

ജില്ലാ താലൂക്ക് തലങ്ങളിലുള്ള സംഘങ്ങളിലെ ധനാപഹരണം, ധനദുർവിനിയോഗം, ഭരണ നിർവ്വഹണത്തിലെ കെടുകാര്യസ്ഥത, സഹകരണ നിയമം, ചട്ടം,സംഘം നിയമാവലി എന്നിവ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾ, എന്നിവ

സംബന്ധിച്ച് ലഭിക്കുന്ന പരാതികളുടെ പ്രാഥമിക പരിശോധനയോടൊപ്പം വകുപ്പ് 65, 66(2), 68(1) പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പരിശോധനകളും വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികളും ജില്ലാ തല ഉദ്യോഗസ്ഥരായ ജോയിന്റ് രജിസ്ട്രാർമാരുടെ നേതൃത്വത്തിൽ നിർവ്വഹിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് 48 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

രജിസ്ട്രാർക്ക് സ്വമേധയായോ, അല്ലെങ്കിൽ നിക്ഷേപകരുടെയോ, അംഗങ്ങളുടെയോ പരാതിയുടെ അടിസ്ഥാനത്തിലോ വകുപ്പ് 66(2) പരിശോധന നടത്താവുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയ്ക്കായി 41 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പുതല പരിശോധനകളുടെയും അന്വേഷണങ്ങളുടെയും പുരോഗതികൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനനുബന്ധമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിലും പ്രത്യേക സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ വകുപ്പ് 68 B പ്രകാരം ഗവൺമെന്റിനോ സഹകരണ സംഘം രജിസ്ട്രാർക്കോ ക്രമക്കേട് നടന്ന സംഘങ്ങളിൽ അന്വേഷണം നടത്തുന്നതിന് പോലീസിനോ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കോ കൈമാറാവുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗുരുതരമായ ക്രിമിനൽ ക്രമക്കേടുകൾ ശ്രദ്ധയിൽ പെട്ടാൽ പൊലീസിലേക്ക് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദേശവും നൽകിയിട്ടുണ്ട്.

(ബി) അഴിമതികളിലൂടെ നിക്ഷേപകരുടെ പണം നഷ്ടപ്പെട്ടുവെന്ന പരാതി ലഭിച്ച എത്ര സഹകരണ സംഘങ്ങൾ ഉണ്ടെന്നും സഹകരണ സംഘങ്ങളെ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

<u>മറുപടി:</u> സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ അഴിമതികളിലൂടെ നിക്ഷേപകരുടെ പണം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 358 സംഘങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്.

ക്രമ നം.	ജില്ല	സംഘങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	99
2	കൊല്ലം	24
3	പത്തനംതിട്ട	16
4	ആലപ്പുഴ	17
5	കോട്ടയം	26
6	ഇടുക്കി	20
7	എറണാകുളം	20
8	പാലക്കാട്	22
9	തൃശ്ശൂർ	57
10	മലപ്പുറം	5
11	കോഴിക്കോട്	28

12	കണ്ണൂർ	18
13	വയനാട്	0
14	കാസർഗോഡ്	6
	TOTAL	358

(സി) ഈടായി നൽകുന്ന വസ്തുക്കളുടെ വ്യാജ ആധാരങ്ങൾ ചമയ്ക്കൽ, ബിനാമി പേരിൽ വായ്പ നൽകൽ, ഈടായി നൽകുന്ന വസ്തുക്കളുടെ മൂല്യം കൃത്രിമമായി ഉയർത്തി വൻ വായ്പകൾ നൽകുക എന്നിവ തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

മറുപടി:

ബിനാമി പേരുകളിലും ഈടുവസ്തുക്കളുടെ മൂല്യം കൃത്രിമമായി വർദ്ധിപ്പിച്ചും വായ്പകൾ അനുവദിക്കുന്നത് തടയുന്നതിനായി സഹകരണ സംഘങ്ങളിൽ കർശനമായ ആഭ്യന്തര പരിശോധനയും (Internal Audit), സമയാസമയങ്ങളിലുള്ള അക്കൗണ്ട്സ് ഓഡിറ്റിംഗും ഉറപ്പുവരുത്തിയിട്ടുണ്ട്.

കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള മിന്നൽ പരിശോധന, വിശദ പരിശോധന എന്നിവയുടെ ഭാഗമായും. ആഡിറ്റിന്റെ ഭാഗമായും വ്യാജ വായ്പകൾ ബിനാമി വായ്പകൾ എന്നിവ നൽകുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്.

കൂടാതെ, ഈടായി നൽകുന്ന വസ്തുക്കളുടെ യഥാർത്ഥ ഉടമസ്ഥാവകാശവും വിപണിവിലയും നിജപ്പെടുത്തി സുതാര്യത ഉറപ്പാക്കുന്നതിനായി കേരള സഹകരണ സംഘം ചട്ടങ്ങളില ചട്ടം 56 A പ്രകാരം സ്ഥാവര വസ്തുക്കളുടെ മൂല്യനിർണ്ണയ (Property Valuation) വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയിട്ട്ണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം, നിയമാനുസൃതമായ സമിതി അധികൃതർ വസ്തുവിന്റെ വിപണിവില പരിശോധിച്ച് സമർപ്പിക്കുന്ന വിശദമായ മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ പരമാവധി 50 ശതമാനം തുക മാത്രമായി വായ്പാ പരിധി നിജപെടുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ അഴിമതി കേസുകളിൽ, പിടിച്ചെടുത്ത സ്വത്തുവകകൾ ലേലം ചെയ്ത നിക്ഷേപകർക്ക് പണം നൽകുവാൻ എന്ത് നിയമ നടപടികളാണ് കൈകൊണ്ടിട്ടുള്ളത് വ്യക്തമാക്കാമോ;

മറുപടി:

സാമ്പത്തിക ക്രമക്കേടുകളിലും അഴിമതിക്കേസുകളിലും ഉൾപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങളുടെയും ഉത്തരവാദികളാ വ്യക്തികളുടെയും സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനും വിൽപനപ നടത്തുന്നതിനുമായി നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് (Statutory Provisions) വിധേയമായി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ കണ്ടുകെട്ടുന്ന സ്വത്തുവകകൾ പരസ്യലേലം ചെയ്ത് ലഭിക്കുന്ന തുക, വഞ്ചിക്കപ്പെട്ട നിക്ഷേപകർക്ക് നിയമവിധേയമായി ആനുപാതികമായി (Pro-rata basis) തിരികെ നൽകുന്നതിനായി 'വിശ്വാസ്' (VISHWAS) പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പണം നഷ്ടപ്പെട്ട നിക്ഷേപകർക്ക് അവരുടെ നിക്ഷേപം പൂർണമായും എന്ന് തിരിച്ചു നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

മറുപടി: സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ പൂർണ്ണമായും തിരികെ നൽകുന്നതിനുള്ള സത്വര നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. എന്നാൽ ഓരോ സംഘത്തിന്റേയും സാമ്പത്തിക സ്ഥിതിയും സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതിയും ആശ്രയിച്ച് മാത്രമേ നിക്ഷേപം പൂർണമായും തിരികെ നൽകുന്നതിനുള്ള സമയപരിധി നിശ്ചയിക്കുന്നതിന് കഴിയുകയുള്ളൂ.

പണം നഷ്ടപ്പെട്ട നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരിച്ചു നൽകാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. വിശ്വാസ് പദ്ധതി

സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾ തിരികെ നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും നിക്ഷേപകരുടെ താൽപ്പര്യങ്ങളും വിശ്വാസ്യതയും സംരക്ഷിക്കുന്നതിനുമായി 'വിശ്വാസ്' എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ഇതിന്റെ ഭാഗമായി പദ്ധതിയുടെ സുഗമമായ നടത്തിപ്പനായി ജില്ലാതലത്തിൽ സഹകരണ സംഘങ്ങളെ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരന്റി പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് എല്ലാ നിക്ഷേപങ്ങൾക്കും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം.

സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലൂടെ നിക്ഷേപകരിൽ ആത്മവിശ്വാസം വളർത്തുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായാണ് 'കേരള സഹകരണ നിക്ഷേപ ഗ്യാരൻറി സ്കീം രൂപീകരിച്ചത്. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്നതും പ്രസ്തുത സ്കീമിൽ അംഗങ്ങളായതുമായ സംഘങ്ങൾ ലിക്വിഡേഷനിലാവുന്ന സാഹചര്യത്തിൽ, നിക്ഷേപകർക്ക് കേരള സഹകരണ നിക്ഷേപ ഗ്യാരൻറി ഫണ്ടിൽ നിന്നും പരമാവധി 5 ലക്ഷം രൂപ വരെ 'സെറ്റിൽമെൻറ് ഓഫ് ക്ലെയിം' (Settlement of Claim) ആയി നൽകിവരുന്നു.

ഗ്യാരന്റീഡ് സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപകർക്ക് നിക്ഷേപകൻ നിശ്ചിത വിഹിതം അധികം അടയ്ക്കുന്ന പക്ഷം, 10 ലക്ഷം രൂപ വരെ വർദ്ധിപ്പിച്ചുകൊണ്ട് സ്കീം ഭേദഗതി ചെയ്തിട്ടുണ്ട്.

ലിക്വിഡേഷനിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് പുറമെ അഴിമതി സാമ്പത്തിക ക്രമക്കേട്, പണാപഹരണം എന്നിവ മൂലമല്ലാതെ മറ്റ് കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധിയിലായതും എന്നാൽ ലിക്വിഡേഷനിൽ ഉൾപ്പെടാത്തതുമായ സംഘങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കത്തക്ക വിധത്തിൽ നിക്ഷേപ ഗ്യാരന്റി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള കരട് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.

ഇതോടൊപ്പം സാമ്പത്തിക ക്രമക്കേടുകൾ മൂലം നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക തിരികെ ഈടാക്കുന്നതിനും നിക്ഷേപകർക്ക് നിക്ഷേപം തിരികെ നല്കുന്നതിനുമുള്ള നടപടികളുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആണെന്ന് കണ്ടെത്തിയവരിൽ നിന്നും 1969ലെ കേരള സഹകരണ നിയമം വകുപ്പ് 68 പ്രകാരം സർചാർജ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംഘങ്ങളിലെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനും കിട്ടാക്കടം കുറയ്ക്കുന്നതിനുമായി പരമാവധി ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് വായ്പക്കാർക്ക് അവസരം നൽകുന്നതിനായി ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം വായ്പാ തിരിച്ചടവിലൂടെ ലഭിക്കുന്ന തുക നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകാൻ വിനിയോഗിക്കുന്നതാണ്.

കൂടാതെ യഥാസമയം വായ്പതുക തിരികെ അടയ്ക്കാത്ത വായ്പക്കാർക്കെതിരെ ആർബിട്രേഷൻ & എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ച് കുടിശിക വായ്പകൾ ഈടാക്കി എടുത്ത് മുൻഗണന ക്രമത്തിൽ നിക്ഷേപകർക്ക് തുക തിരികെ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

എക്സിക്യൂഷൻ നടപടികൾ വേഗത്തിലാക്കുന്നതിലേക്കായി റവന്യൂ റിക്കവറി പോർട്ടൽ വഴി റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിയന്ത്രിത നിക്ഷേപങ്ങളിൽ ക്രമക്കേടുകൾ മൂലം തിരികെ നൽകുവാൻ സാധിക്കാത്ത കേസുകളിൽ BUDS ACTപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി വകുപ്പ് തല പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ